**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3910** **15-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്‌കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുണ്ടോ; എങ്കിൽ എത്രയെന്നും, ഒഴിവ് നിലവിൽ വന്ന തീയതി ഉൾപ്പെടെ വെളിപ്പെടുത്തുമോ; | (എ) | തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി വിഭാഗങ്ങളിലായി ആകെ 2 അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി വിഭാഗങ്ങളിലായി ആകെ 2 അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| (സി) | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് ഡോക്ടർമാരുടെ തസ്തികകൾ ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്നും പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (സി) | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് ഡോക്ടർമാരുടെ തസ്തികകൾ ഷിഫ്റ്റ് ചെയ്തിട്ടില്ല. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി, പ്ലാസ്റ്റിക് സർജറി, ജനറൽ സർജറി ഓരോ പ്രൊഫസർ തസ്തികകൾ വിവിധ കാലയളവിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി സ്ഥാപിച്ചത് തിരികെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് നൽകുകയാണുണ്ടായത്. |
| (ഡി) | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജനറൽ സർജറി വിഭാഗത്തിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തിക നിലവിലില്ലാത്തത് മൂലം രോഗികൾക്ക് മികച്ച ചികിത്സ കിട്ടാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുള്ള ഡോക്ടർമാരെ ഉപയോഗപ്പെടുത്തി രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നുണ്ട്. |
| (ഇ) | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മെഡിക്കൽ റിക്കാർഡ്സ് ലൈബ്രറി വിഭാഗത്തിൽ അനുവദനീയമായ തസ്തികയും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും വെളിപ്പെടുത്തുമോ? | (ഇ) | തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മെഡിക്കൽ റിക്കോർഡ്സ് ലൈബ്രേറിയന്റെ 10 തസ്തികകൾ നിലവിലുണ്ട്. അതിൽ 3 ജീവനക്കാർ നിലവിലുണ്ട്.ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ